# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 214 18-3-2013-ലെ മറുപടിക്ക്.

## കടലതിർത്തി പ്രദേശങ്ങൾക്കായുള്ള സുരക്ഷാ സംവിധാനം

**ചോദ്യം :**

ശ്രീ. എം. ഹംസ

**ഉത്തരം :**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| (എ) | കേരളത്തിന് എത്ര കിലോമീറ്റർ കടൽ അതിർത്തിയുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിന് ആകെ 590 കിലോ മീറ്റർ കടലതിർത്തി പ്രദേശമാണ് ഉള്ളത്. |
| (ബി) | ഭീകരവാദ ഭീഷണി നേരിടുന്ന കേരളത്തിലെ കടലതിർത്തി പ്രദേശങ്ങൾ ഏതെല്ലാമെന്നറിയിക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദേശങ്ങൾ കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഒരു പ്രദേശത്തും പ്രത്യേകിച്ച് ഭീകരവാദ ഭീഷണി നിലനിൽക്കുന്നില്ല. ഇത് സംബന്ധിച്ചു കേന്ദ്രത്തിൽ നിന്നും നിർദേശമൊന്നും ലഭിച്ചിട്ടില്ല. എന്നാലും 2011 സെപ്തംബർ 26-ലെ മുംബൈ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് തീരദേശ സുരക്ഷ കർശനമായി നടപ്പാക്കി വരുന്നു. |
| (സി) | കടൽ കടന്നു വരുന്ന ഭീകരവാദ ഭീഷണിയെ നേരിടാൻ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് എന്നറിയിക്കുമോ; | (സി) | വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഭീഷണി ചെറുക്കുന്നതിനായി സംസ്ഥാനത്തെ സുരക്ഷാ സംവിധാനം ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും നിർദേശങ്ങൾ ലഭിച്ചിട്ടു ണ്ടോ; | (ഡി) | പ്രത്യേകിച്ചു നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. |
| (ഇ) | നിലവിലുള്ള സുരക്ഷാ സംവിധാനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാ ക്കാമോ; | (ഇ) | സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ കോസ്റ്റൽ പോലിസ് സ്റ്റേഷനുകൾ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്. ഇതിനോടൊപ്പം പോലീസ് വകുപ്പിൽ തന്നെ പ്രത്യേകമായി മറൈൻ വിഭാഗം രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതയും പരിശോധനയിലാണ്. ജോയിന്റ് കോസ്റ്റൽ സെക്യൂരിറ്റി എക്സർസൈസ് വർഷത്തിൽ രണ്ടു തവണ 36 മണിക്കൂറ് നടന്നു വരുന്നത് 72 മണിക്കൂറാക്കി കൂട്ടുവാനും നിശ്ചയിച്ചിട്ടുണ്ട്. |
| (എഫ്) | പുതിയ സാഹചര്യങ്ങൾ നേരിടുന്നതിനായി കോസ്റ്റ് ഗാർഡിന്റെ പരിശീലനത്തിൽ എന്തെങ്കിലും നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായി അറിയാമോ; എങ്കിൽ വിശദാംശം നൽകുമോ? | (എഫ്) | കോസ്റ്റ് ഗാർഡുകൾക്ക് പരിശീലനം നൽകുന്ന ചുമതല ഇൻഡ്യൻ നേവിയിൽ നിക്ഷിപ്തമാണ്. പരിശീലനത്തിന്റെ ഭാഗമായി വർഷത്തിൽ രണ്ടു പ്രാവശ്യം 36 മണിക്കൂറ് വീതം നടത്തിയിരുന്ന കോസ്റ്റൽ സെക്യൂരിറ്റി എക്സർസൈസ് 72 മണിക്കൂറായി വർദ്ധിപ്പിക്കുവാനും ഇതിലേക്കായി വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തി നൽകുവാൻ കടലതിർത്തി സുരക്ഷയുമായി ബന്ധപ്പെട്ട സംസ്ഥാന വകുപ്പുകൾക്ക് / ഏജൻസികൾക്ക് നിർദേശവും നൽകിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

# അനുബന്ധം

കടൽ കടന്നു വരുന്ന ഭികരവാദ ഭീഷണി നേരിടാൻ തീരദേശ സുരക്ഷ ശക്തമാക്കുന്നതിനായി കേന്ദ്ര സർക്കാർ തിരദേശ പോലീസ് സ്റേഷനുകൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും ആദ്യഘട്ടമായി വിഴിഞ്ഞം (തിരുവനന്തപുരം), നീണ്ടകര (കൊല്ലം), തോട്ടപ്പള്ളി (ആലപ്പുഴ), ഫോർട്ട് കൊച്ചി (എറണാകുളം), അഴിക്കോട് (തൃശൂർ റൂറൽ), ബേപ്പൂർ ( കോഴിക്കോട്), അഴീക്കൽ (കണ്ണൂർ) തളങ്കര (കാസറഗോഡ്) എന്നിവടങ്ങളിൽ എട്ടു തീരദേശ പോലിസ് സ്റ്റേഷനനുകൾ കേരളത്തിന് അനുവദിക്കുകയും, പ്രസ്തുത എട്ട് തിരദേശ പോലീസ് സ്റ്റേഷനുകളുടെയും പ്രവർത്തനം ആരംഭിച്ച് കടലിൽ പട്രോളിംഗ് തുടങ്ങിയ സുരക്ഷാ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു വരുന്നു. ഇതിൽ അഴീക്കൽ തീരദേശ പോലീസ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാകാത്തതിനാൽ വളപട്ടണം (സി. ഐ ഓഫീസ്) തീരദേശ ബേസ് പോലീസ് സ്റ്റേഷനിൽ നിന്നും പട്രോളിംഗ് നടത്തി വരുന്നു. കൂടാതെ തിരദേശ സുരക്ഷ ശക്തമാക്കുന്നതിനു വേണ്ടി മൽസ്യ തൊഴിലാളികളുടെ പങ്കാളിത്തത്തോടെ ജില്ലാ തലത്തിലും പോലിസ് സ്റ്റേഷൻ തലത്തിലും 74 കടലോര ജാഗ്രതാ സമിതികളും 2 കായലോര ജാഗ്രതാ സമിതികളും രൂപീകരിച്ചിട്ടുണ്ട്. നാവിക സേന, കോസ്റ്റ് ഗാർഡ്, പോലിസ് എന്നിവരുടെ ഏകോപിച്ചുള്ള പ്രവർത്തനം സുഗമമാക്കാനായി കൊച്ചിയിൽ ജോയിന്റ് ഓപ്പറേഷൻ സെന്റർ (ജെ.ഒ.സി) ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. തീരദേശ സുരക്ഷയെസംബന്ധിക്കുന്ന വിവരങ്ങൾ ജെ. ഒ. സി യെ അറിയിക്കുന്നതിനും തീരദേശ പോലീസ് സ്റ്റേഷനുകളിൽ നിരന്തരം ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ചു കൈകാര്യം ചെയ്യുന്നതിനായി സ്പെഷ്യൽ ബ്രാഞ്ച് സി. ഐ. ഡി ഹെഡ് ക്വാർട്ടേഴ്സിലെ എസ്. പി. എം. ആർ 24 മണിക്കൂറും പ്രവർത്തിക്കുന്ന കോസ്റ്റൽ സെക്യൂരിറ്റി കൺട്രോൾ റൂമായും പ്രവർത്തിച്ചു വരുന്നു. തീരദേശ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി രണ്ടാം ഘട്ടത്തിൽ 10 തീരദേശ പോലിസ് സ്റ്റേഷനുകൾ കൂടി കേരളത്തിന് അനുവദിക്കുകയും അവയുടെ നിർമ്മാണ പ്രവർത്തന നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. നിലവിൽ പ്രവർത്തനം ആരംഭിച്ച 8 തിരദേശ പോലിസ് സ്റ്റേഷനുകളിലും തിരദേശ സുരക്ഷയെ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുവാൻ 1093 എന്ന ടോൾ ഫ്രീ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. കടലിൽ സുരക്ഷ പട്രോളിംഗ് നടത്തുന്നതിനുവേണ്ടി ഓരോ പോലിസ് സ്റ്റേഷനുകൾക്കും 3 വീതം (2-12 ടൺ, 1-5 ടൺ) ആകെ 24 ഹൈസ്പീഡ് ബോട്ടുകൾ നൽകിയിട്ടുണ്ട്. കൂടാതെ തിരദേശ പോലീസ് സ്റ്റേഷനുകൾക്ക് ആവശ്യമായ ആയുധങ്ങൾ (ഇൻസാസ് റൈഫിൾസ്, പിസ്റ്റൽസ്, അവയ്ക്ക് ആവശ്യമായ തിരകൾ, ലൈഫ് ജാക്കറ്റ്, ഹെൽമറ്റ് മുതലായവയും) രാത്രി കാലങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള ഉപകരണങ്ങളായ സെർച്ച് ലൈറ്റ്, നൈറ്റ് വിഷൻ ബൈനോക്കുലർ മുതലായവയും ആദ്യഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ച എല്ലാ തിരദേശ പോലിസ് സ്റ്റേഷനുകൾക്കും നൽകിയിട്ടുണ്ട്.